# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2187 — 11.03.2020 ൽ മറുപടിയ്ക്ക്

### പുതുതായി നിർമ്മിക്കുന്ന സർക്കാർ കെട്ടിടങ്ങളിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി. കെ. സി. മമ്മത് കോയ | | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കേരളത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രാവർത്തികമാക്കുന്നതിന് വൈദ്യുതി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഒന്നാം ഘട്ടമായി 200 മെഗാവാട്ടിന്റെ ടെണ്ടർ നടപടികൾ സ്വീകരിച്ച് ഇതിൽ **46.5** മെഗാവാട്ടിനുള്ള കരാർ നൽകുകയും മാർച്ച് 2020 മുതൽ പ്ലാന്റുകൾ സ്ഥാപിക്കുന്ന ജോലി തുടങ്ങുകയും ചെയ്യുന്നു. 60 മെഗാവാട്ടിന്റെ റീ-ടെണ്ടറിംഗ് നടപടികൾ പുരോഗമിക്കുന്നു. ശേഷിക്കുന്നവയുടെ റീ-ടെണ്ടറിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. കേന്ദ്ര സർക്കാർ നൽകുന്ന സബ്സിഡിയോടു കൂടി ഗാർഹിക ഉപഭോക്താക്കൾക്കുള്ള പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ രജിസ്ട്രേഷൻ ആരംഭിക്കുകയും, ടെണ്ടർ നടപടികൾ മാർച്ച് 2020 ഓടു കൂടി പൂർത്തീകരിക്കുവാനാണ് കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നത്. ഇതിലൂടെ 50 മെഗാവാട്ട് ആണ് ലക്ഷ്യമിടുന്നത്. സ്വന്തം നിലയിൽ പുരപ്പുറങ്ങളിൽ സോളാർ നിലയം സ്ഥാപിക്കുന്നവർക്ക് കണക്ടിവിറ്റി അടക്കമുള്ള കാര്യങ്ങളിൽ ആവശ്യമായ സഹായങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുന്നതിന് അനെർട്ട്, കെ.എസ്.ഇ.ബി.എൽ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പുതുതായി നിർമ്മിക്കുന്ന സർക്കാർ കെട്ടിടങ്ങളിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി നിർബന്ധമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ നിയമ നിർമ്മാണം നടത്തുന്ന കാര്യം ആലോചിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആലോചിക്കുമോ? | (ബി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ